## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2394 — 05.02.2018-ലെ മറുപടിയ്ക്ക്

## സ്റ്റേഡിയങ്ങളുടെ സംരക്ഷണവും നടത്തിപ്പും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സർക്കാരിന്റെ അധീനതയിലുള്ളതും ഇപ്പോൾ പ്രഖ്യാപിച്ചതുമായ സ്റ്റേഡിയങ്ങളുടെ സംരക്ഷണവും നടത്തിപ്പും എങ്ങിനെയാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നാഷണൽ ഗെയിംസിനോടനുബന്ധിച്ച് നിർമ്മിച്ചതും സർക്കാരിന്റെ അധീനതയിലുള്ളതുമായ കുമാരപുരം, ടെന്നീസ് കോംപ്ലക്സ്, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, വെള്ളയമ്പലം സ്വിമ്മിംഗ് പൂൾ, മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളം, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, കൊല്ലം ആശ്രാമം ന്യൂ ഹോക്കി സ്റ്റേഡിയം, തൃശ്ശൂർ വി.കെ.എൻ. ഇൻഡോർ സ്റ്റേഡിയം എന്നീ സ്റ്റേഡിയങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ പ്രഖ്യാപിച്ചതും നിർമ്മാണം പൂർത്തിയായി വരുന്നതുമായ സ്റ്റേഡിയങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി ഒരു സ്പോർട്സ് മാനേജ്മെന്റ് കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംരക്ഷണ പ്രവർത്തനങ്ങൾ ഇല്ലാത്തതിനാൽ പല സ്റ്റേഡിയങ്ങളും നാശത്തിന്റെ വക്കിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**